## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2499 — 05.02.2018-ൽ മറുപടിക്ക്

### ടേക്ക് എ ബ്രേക്ക് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) വിനോദ സഞ്ചാര വകുപ്പിന് കീഴിൽ തുടങ്ങിയ ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ; ഈ പദ്ധതി എവിടെയെല്ലാമാണ് ആരംഭിച്ചത് എന്നറിയിക്കാമോ; | എ) വിനോദസഞ്ചാര വകുപ്പിൽ നിലവിൽ 20 ടേക്ക് എ ബ്രേക്ക് പദ്ധതികൾ ഉണ്ട്. തിരുവനന്തപുരം ജില്ലയിലെ ശംഖുമുഖം, കൊല്ലം ജില്ലയിലെ കെ.എം.എം.എൽ-ചവറ, ഏനാത്ത്, ആലപ്പുഴ ജില്ലയിലെ ചേർത്തല, ഹരിപ്പാട്, ഇടുക്കി ജില്ലയിലെ മൂന്നാർ, കോട്ടയം ജില്ലയിലെ അതിരമ്പുഴ, എറണാകുളം ജില്ലയിലെ ബോട്ട് ജെട്ടി, തൃശ്ശൂർ ജില്ലയിലെ ചാലക്കുടി, മലപ്പുറം ജില്ലയിലെ കോട്ടക്കുന്ന്, കാലിക്കറ്റ് യൂണിവേഴ്സിറ്റി, പാലക്കാട് ജില്ലയിലെ കുറ്റനാട്, കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠപുരം, കാസർഗോഡ് ജില്ലയിലെ തലപ്പാടി എന്നീ സ്ഥലങ്ങളിൽ പദ്ധതി പൂർത്തീകരിക്കുകയും, പത്തനംതിട്ട ജില്ലയിലെ കോന്നി, വയനാട് ജില്ലയിലെ അമ്പലവയൽ, എറണാകുളം ജില്ലയിലെ പിറവം എന്നീ പദ്ധതികളുടെ പണി നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. കോഴിക്കോട് ജില്ലയിലെ താമരശ്ശേരി ചുരം, കോട്ടയം ജില്ലയിലെ വലിയാനപ്പുഴ, കൊല്ലം ജില്ലയിലെ ശീമാട്ടി എന്നീ പദ്ധതികൾക്ക് വേണ്ടത്ര സ്ഥലം ലഭ്യമല്ലാത്തതിനാൽ പ്രവർത്തനം തുടങ്ങാൻ സാധിച്ചിട്ടില്ല. |

| | |
|---|---|
| ബി) സംസ്ഥാന പാതകൾക്കരികിലും, സംസ്ഥാനത്തെ ദേശീയ പാതകൾ ക്കരികിലും ഏതു വിധത്തിലാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശി ച്ചിരുന്നത് എന്നറിയിക്കാമോ; | ബി) വിനോദസഞ്ചാരികൾക്ക് മെച്ചപ്പെട്ട സേവനാനുഭവം പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാനത്തെ പ്രധാനപ്പെട്ട പാതയോരങ്ങളിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള ടോയ് ലറ്റുകൾ, കോഫി ഷോപ്പ്, പാർക്കിംഗ് ഏരിയ, സുവനീർ ഷോപ്പുകൾ, ക്ലോക്ക് റൂമുകൾ മുതലായവ സ്ഥാപിക്കുക എന്നതാണ് ടേക്ക് എ ബ്രേക്ക് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളെയും സർക്കാർ വകുപ്പുകളെയും പൊതുമേഖലാ സ്ഥാപനങ്ങളെയും സഹകരിപ്പിച്ചു കൊണ്ടാണ് പദ്ധതി നിർവ്വഹിക്കുന്നത്. |
| സി) ഇപ്പോൾ എത്ര പദ്ധതികളുടെ പണി പൂർത്തീകരിച്ചുവെന്നും, ഏതെല്ലാം സ്ഥലങ്ങളിലാണ് പണി പൂർത്തികരിച്ചതെന്നും അറിയിക്കാമോ; | സി) തിരുവനന്തപുരം ജില്ലയിലെ ശംഖുമുഖം, കൊല്ലം ജില്ലയിലെ ഏനാത്ത്, കെ.എം.എം.എൽ-ചവറ, ആലപ്പുഴ ജില്ലയിലെ ചേർത്തല, ഹരിപ്പാട്, ഇടുക്കി ജില്ലയിലെ മൂന്നാർ, മലപ്പുറം ജില്ലയിലെ കോട്ടക്കുന്ന്, കാലിക്കറ്റ് യൂണിവേഴ്സിറ്റി, കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠപുരം, കോട്ടയം ജില്ലയിലെ അതിരമ്പുഴ, എറണാകുളം ജില്ലയിലെ ബോട്ട് ജെട്ടി, തൃശ്ശൂർ ജില്ലയിലെ ചാലക്കുടി, പാലക്കാട് ജില്ലയിലെ കുറ്റനാട്, കാസർഗോഡ് ജില്ലയിലെ തലപ്പാടി എന്നീ 14 പദ്ധതികളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്.. |
| ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ആരെയാണ് ഏൽപ്പിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | ഡി) പൂർത്തീകരിച്ച പദ്ധതികൾ ഡി.റ്റി.പി.സി. മുഖേന ലീസിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ